(ബി) പിടിച്ചെടുത്ത വാഹനങ്ങൾ കാലതാമസം കൂടാതെതന്നെ സർക്കാരിലേക്ക് കണ്ടുകെട്ടി ലേലവിൽപ്പന ചെയ്യുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിച്ചുവരുന്നു. രാസപരിശോധനാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി പ്രത്യേക അപേക്ഷ ചീഫ് കെമിക്കൽ എക്സാമിനർക്ക് നൽകിയും, ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് വാഹന ഉടമയെ കണ്ടുപിടിച്ച്, വാഹന ഉടമയെ കേട്ടും ഉടമയെ ലഭ്യമല്ലാത്ത കേസ്സുകളിൽ പത്രപരസ്യം നൽകിയും ടി വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

**വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ**

**88 (5493)** ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല.

**ബാർ ലൈസൻസ് നൽകുന്നതിനുള്ള ശുപാർശ**

**89 (5494)** ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ, നീണ്ടകര പഞ്ചായത്തിൽ തീരദേശസംരക്ഷണ നിയമവും, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും, ടൗൺ പ്ലാനിന്റെയും (വിജിലൻസ്) എല്ലാ ഉത്തരവുകളെയും ലംഘിച്ച് നിർമ്മിച്ചതും ഹോട്ടൽ മാനേജ്മെന്റ് സ്കൂൾ നടത്താൻ വേണ്ടിയുള്ള കെട്ടിടം എന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയതുമായ കെട്ടിടത്തിൽ ബാർ ലൈസൻസ് നൽകാൻ കൊല്ലം ഡെപ്യൂട്ടി കമ്മീഷണറും, കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും കൂടി ചേർന്ന് എക്സൈസ് കമ്മീഷണർക്ക് ശുപാർശ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും, ബാർ ലൈസൻസിന് ആരുടെ പേരിലാണ് അപേക്ഷിച്ചതെന്നും, ബാർ ലൈസൻസ് കൊടുക്കാൻ ശുപാർശ ചെയ്ത ഡെപ്യൂട്ടി കമ്മീഷണറും, സർക്കിൾ ഇൻസ്പെക്ടറും ആരെന്നും പേര് സഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ എക്സൈസ് കമ്മീഷണർക്ക് നൽകിയ ശുപാർശ കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) സർക്കാർ പൊളിക്കാൻ ഉത്തരവിട്ട കെട്ടിടമാണിതെന്ന് അറിഞ്ഞിട്ടും മനഃപൂർവ്വം ഇത് മറച്ചുവച്ച് ബാർ തുടങ്ങാൻ ആവശ്യമായ ലൈസൻസിന് ശുപാർശ ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; തക്ക നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഇ) നിയമാനുസരണം അല്ലാതെ നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ പുതിയ ബാർ ലൈസൻസ് കൊടുക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ പോകുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിൽ ലഭിച്ച പരാതി പരിഗണിച്ച് ബാർ ലൈസൻസിനായുള്ള അപേക്ഷ പുനഃപരിശോധിക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ശ്രീ. ആർ. രഘു, മഠത്തിൽ ഹൗസ് പ്രൊപ്രൈറ്റർ, ഹോട്ടൽ റീജന്റ് ലേക്ക് പാലസ്, നീണ്ടകര, കൊല്ലം എന്നയാളാണ് ബാർ ലൈസൻസിനുവേണ്ടു അപേക്ഷിച്ചത്. ബാർ ലൈസൻസിനായി ശുപാർശ ചെയ്തത് കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ശ്രീ. കെ. സുരേഷ് ബാബുവും മുൻ കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജി. മുരളീധരൻ നായരുമാണ്.

(സി) കത്തുകളുടെ പകർപ്പുകൾ അനുബന്ധം(I&II) ആയി കൊടുത്തിരിക്കുന്നു.†

(ഡി) അബ്കാരി ആക്ട്, ഫോറിൻ liകർ റൂൾസ് മറ്റ് ബന്ധപ്പെട്ട നിയമങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് ബാർ ലൈസൻസിന് ശുപാർശ നൽകുന്നത്. എന്നിരുന്നാലും പരാതി ലഭിച്ച സാഹചര്യത്തിൽ ലൈസൻസിന് ശുപാർശ ചെയ്ത ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) അബ്കാരി ചട്ടങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി മാത്രമേ ബാർ ലൈസൻസ് നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കുകയുള്ളൂ.

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly